**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3426** **26-10-2021 - ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നാളികേര സംഭരണത്തിനായി തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ മൂന്ന് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മറ്റു ജില്ലകളിലെ നാളികേര കർഷകർക്ക് നാളികേരം ഈ സംഭരണ കേന്ദ്രങ്ങളിലേയ്ക്ക് എങ്ങനെ എത്തിക്കാനാകും എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | പച്ചത്തേങ്ങയുടെ വിപണിയിലെ മൊത്തവില ചില ജില്ലകളിൽ സംസ്ഥാനം പ്രഖ്യാപിച്ച സംഭരണവിലയേക്കാളും കുറഞ്ഞതിനാൽ സംഭരണ നടപടികൾ പുനരാരംഭിക്കുന്നതിനു ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ കേരഫെഡ് നടപടികൾ സ്വീകരിച്ചു. മലപ്പുറം ജില്ലയിൽ പൊന്നാനി, വെളിയംകോട് പഞ്ചായത്തിലെ കോക്കനട്ട് പ്രൊഡ്യൂസ് മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരം ജില്ലയിൽ ആനയറയിലെ കേരഫെഡിന്റെ റീജിയണൽ ഓഫീസ്, തൃശ്ശൂർ ജില്ലയിൽ ചേർപ്പ് പഞ്ചായത്തിലെ കേരഫെഡ് സ്റ്റോക്ക് പോയിന്റിലുമാണ് പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡ് നടപടികൾ സ്വീകരിച്ചത്. ഇത് കൂടാതെ വേങ്ങേരി മൊത്ത വ്യാപാര വിപണിയിൽ സംസ്ഥാന നാളികേര വികസന കോർപറേഷൻ മുഖേന 19.667 മെട്രിക് ടൺ നാളികേരം സംഭരിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ നാളികേര കർഷകർക്ക് സാധാരണ വിലേയ്ക്കാൾ ഉയർന്ന വില പച്ചനാളികേരത്തിന് ലഭിയ്ക്കുന്നതിനാൽ കേരഫെഡിന്റെ സംഭരണ കേന്ദ്രങ്ങൾ നിലവിൽ ആരംഭിച്ചിട്ടില്ല. |
| (ബി) | മുഴുവൻ ജില്ലകളിലും കർഷകർക്ക് സൗകര്യപ്രദമായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (ബി) | പച്ചത്തേങ്ങയുടെ വില സംഭരണ വിലയേക്കാൾ കുറയുന്ന സാഹചര്യത്തിൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ